## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 439

02.12.2014- ൽ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. കെ.കെ. ലതിക :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതേവരെ സംസ്ഥാനത്തെ എത്ര സഹകരണ സ്ഥാപനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിക്കൊണ്ട് സഹകരണ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. വിവരം ലഭ്യമാക്കുമോ; | (എ) 1086 സഹകരണ സ്ഥാപനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) അപ്രകാരം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലകപ്പെട്ട സഹകരണ സംഘങ്ങളിൽ, ആറു മാസ കാലയളവിനുശേഷവും തെരഞ്ഞെടുപ്പ് നടത്താതെ, അഡ്മിനിസ്ട്രേറ്റർ ഭരണം തന്നെ നടത്തുന്നവ എത്ര എണ്ണം. | (ബി) 384 എണ്ണം. |
| (സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ, അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള എത്ര ഉത്തരവുകൾ റദ്ദായിപ്പോവുകയുണ്ടായിട്ടുണ്ട്; എത്ര സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം അവസാനിപ്പിച്ച് പഴയ ഭരണ സമിതിക്ക് തന്നെ അധികാരം തിരിച്ചു നൽകേണ്ടതായി വന്നിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ? | (സി) 10 സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തി കൊണ്ടുള്ള ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. 9 സംഘങ്ങൾക്ക് പഴയ ഭരണ സമിതിക്ക് തന്നെ അധികാരം തിരിച്ചു നൽകിയിട്ടുണ്ട്. അതിൽ ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണ സമിതിയുടെ കാലാവധി കഴിഞ്ഞു പോയതിനാൽ പ്രസ്തുത സംഘത്തിന് ചാർജ്ജ് തിരികെ നൽകാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ